"ഭരണഭാഷ മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീ സ്റ്റാലിൻ പീറ്റർ - ന്റെ മാതാവിന്റെ ചികിത്സയ്ക്ക് പത്തനംതിട്ട പുഷ്പഗിരി മെഡിക്കൽ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് പൂർവ്വകാല അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2469/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 03/12/2021

പരാമർശം:-

1. 11.07.2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.
2. G.O.(P)No.144/2013/H&FWD dated 22.04.2013.
3. ശ്രീ. സ്റ്റാലിൻ പീറ്ററുടെ 28.04.19 ലെ അപേക്ഷ.
4. പഞ്ചായത്ത് ഡയറക്ടറുടെ 25.11.2019, 14.09.2021 എന്നീ തീയതികളിലെ PAN/9568/2019-F2(DP) നമ്പർ കത്ത്.
5. നാറാണംമൂഴി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 16.09.2019ലെ 7(2)-ാം നമ്പർ തീരുമാനം.
6. ജില്ലാ മെഡിക്കൽ ഓഫീസറുടെ 06.08.2021-ലെ സി3-10204/2021 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീ. സ്റ്റാലിൻ പീറ്റർ ന്റെ മാതാവിന്റെ ചികിത്സയ്ക്ക് പത്തനംതിട്ട പുഷ്പഗിരി മെഡിക്കൽ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

ജില്ലാമെഡിക്കൽ ഓഫീസറുടെ പരാമർശം (6) ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ 65,975/- രൂപ അനുവദനീയമാണെന്നും പ്രസ്തുത തുകയുടെ 80% ആയ 52,780/- രൂപയാണ് (അൻപത്തി രണ്ടായിരത്തി എഴുന്നൂറ്റി എൺപത് രൂപ മാത്രം) അപേക്ഷകന് മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം

റിപ്പോർട്ട് ചെയ്തു. മേൽ തുക നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (5) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീ സ്റ്റാലിൻ പീറ്റർ ന്റെ മാതാവിന്റെ ചികിത്സയ്ക്ക് പത്തനംതിട്ട പുഷ്പഗിരി മെഡിക്കൽ ആശുപത്രിയിൽ ചികിൽസ നടത്തിയ നടപടി ഒരു പ്രത്യേക കേസായി പരിഗണിച്ച് പൂർവ്വകാല അനുമതി നൽകിക്കൊണ്ടും, നിലവിലെ KGSMA Rules. 1960 ചട്ടങ്ങൾ പ്രകാരം 01.03.2019 മുതൽ 29.03.2019 വരെയുള്ള പ്രസ്തുത ചികിത്സയ്ക്ക് ചെലവായ തുകയിൽ ജില്ലാമെഡിക്കൽ ഓഫീസർ അനുവദനീയമെന്ന് അറിയിച്ചിരുന്ന തുകയായ 65,975/- രൂപയുടെ 80% ആയ 52,780/- (അൻപത്തി രണ്ടായിരത്തി എഴുന്നൂറ്റി എൺപത്ത് രൂപ മാത്രം) പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിൽ നാറാണംമൂഴി ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ. തിരുവനന്തപുരം (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ. പത്തനംതിട്ട.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എൽ ബി എ& എ) കേരള, തിരുവനന്തപുരം.

സെക്രട്ടറി, നാറാണംമൂഴി ഗ്രാമപഞ്ചായത്ത്,പത്തനംതിട്ട.

ശ്രീ. സ്റ്റാലിൻ പീറ്റർ, സീനിയർ ക്ലാർക്ക്, നാറാണംമൂഴി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട.

ആരോഗ്യകുടുംബക്ഷേമ വകുപ്പ് (21.04.2021 ലെ G2/ 1256/ 2020/H&FWD നം. പ്രകാരം)

എക്സിക്യൂട്ടീവ് ഡയറക്ടർ. ഐ. കെ. എം. തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ. വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Dennyill

സെക്ഷൻ ഓഫീസർ